(ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലും ബാക്കിയുള്ളവയെല്ലാം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലും തുടങ്ങാനാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ചോദ്യം (എ) യുടെ ഉത്തരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകൾ

17 (706) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും അറിയിക്കുമോ;

(ബി) പ്രവർത്തനം ആരംഭിക്കാത്തവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ഡിസ്ട്രിക്ട് ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കണമെന്ന കേന്ദ്ര സർക്കാർ നിയമനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഡിസ്ട്രിക്ട് ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. അടുത്ത അധ്യയന വർഷംതന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭി ക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇടുക്കി, മഞ്ചേരി, കോന്നി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജില്ലാ/ജനറൽ ആശുപത്രികളെയാണ് മെഡിക്കൽ കോളേജുമായി ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചത്.

കാത്ത് ലാബ് സ്ഥാപിക്കുന്ന നടപടി

18 (707) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത കാത്ത് ലാബ് നടപ്പ് സാമ്പത്തികവർഷം തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി വേണ്ടിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷത്തിൽ കാത്ത് ലാബ് & ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവുവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം ജനറൽ ആശുപത്രി, എറണാകുളം ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) നടപ്പ് സാമ്പത്തികവർഷം കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ജീവൻ രക്ഷാ മരുന്നുകളുടെ ക്ഷാമം

19 (708) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾക്ക് കടുത്ത ക്ഷാമം ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിശ്ശിക നൽകാത്തതിനാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ.) മരുന്ന് നൽകേണ്ടന്ന് ഉത്തരേന്ത്യൻ മരുന്ന് കമ്പനികൾ തീരുമാനിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly